# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2680 | | 09.05.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| വെളിയിട വിസർജനരഹിത സംസ്ഥാനം | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.പി.കെ. ശശി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | കേരളത്തെ വെളിയിട വിസർജനരഹിത സംസ്ഥാനമാക്കുന്നതിനുള്ള പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | 01.11.2016-ൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ വെളിയിട വിസർജന വിമുക്ത പ്രദേശങ്ങളായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. നഗരങ്ങളിലെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. |
| (ബി) | സംസ്ഥാനത്തെ സിറ്റി കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവകളിലായി കക്കൂസ്, കുളിമുറി എന്നിവയില്ലാത്ത എത്ര വീടുകളുണ്ട്; എല്ലാ വീടുകളിലും ഇവ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കും എന്നു വ്യക്തമാക്കുമോ; | (ബി) | ഗ്രാമ പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും വ്യക്തിഗത ശൗചാലയങ്ങൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. നഗരസഭകളിൽ 2164 വീടുകളിൽ കൂടി ശൗചാലയ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. എല്ലാ വീടുകളിലും ശൗചാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. കുളിമുറി സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. കുളിമുറി നിർമ്മിച്ചു നൽകുവാൻ നടപടി സ്വീകരിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പ്രവർത്തനങ്ങൾക്ക് എത്ര രൂപയുടെ കേന്ദ്രസഹായം ലഭിച്ചു; സംസ്ഥാന സർക്കാർ എത്ര തുക ചെലവാക്കി; വ്യക്തമാക്കുമോ; | (സി) | പ്രസ്തുത പ്രവർത്തനങ്ങൾക്ക് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ കേന്ദ്ര വിഹിതമായി 19627.58 ലക്ഷം രൂപയും സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയുടെ കേന്ദ്ര വിഹിതമായി 3167.00 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് സംസ്ഥാന സർക്കാർ 17932.79 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. (സംസ്ഥാന വിഹിതം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം, സി.എസ്.ആർ. ഫണ്ട്, ജലനിധി സഹായം ഉൾപ്പെടെ). |
| (ഡി) | സംസ്ഥാനത്ത് ശുചിയായ ശൗചാലയങ്ങളുള്ള എത്ര സ്കൂളുകളുണ്ട്; ഓരോ തദ്ദേശസ്വയംഭരണ പ്രദേശത്തും ഇവ ഇല്ലാത്തവ എത്ര എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ശുചിയായ ശൗചാലയ സൗകര്യങ്ങളില്ലാത്ത സ്കൂളുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ബസ് സ്റ്റേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ കീഴിൽ പ്രവർത്തിക്കുന്ന പല ശൗചാലയങ്ങളും വൃത്തിഹീനമാണെങ്കിലും അവ ഉപയോഗിയ്ക്കുന്നതിന് ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ പരിശോധിച്ച് വൃത്തിയായി സംരക്ഷിയ്ക്കുന്നതിനും അങ്ങനെയല്ലാത്തവ പൂട്ടുവാനും നടപടികൾ സ്വീകരിക്കുമോ? | (ഇ) | പൊതുശൗചാലയങ്ങൾ ഉപയോഗിയ്ക്കുന്നതിന് ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുശൗചാലയങ്ങൾ നിർമ്മിച്ചു നൽകുന്നതിനും, അത് വൃത്തിയായി പരിപാലിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ